(ഡി) ഉണ്ട്. 18-4-2012 മുതൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ഇ) 6 വർഷം.

കേരള സ്റ്റേറ്റ് റഗുലേറ്ററി കമ്മീഷന് നൽകുന്ന എ.ആർ.ആർ. & ഇ.ആർ.സി.

53(2041) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ഇ. ബി. ലിമിറ്റഡ് രൂപീകൃതമായശേഷം കേരളാസ്റ്റേറ്റ് റഗുലേറ്ററി കമ്മീഷന് നൽകുന്ന എ.ആർ.ആർ.&ഇ.ആർ.സി. (Aggregated revenue requirement & Expected revenue collection)-യിൽ കഴിഞ്ഞ ഓരോ പ്രവർത്തന വർഷവും ശമ്പളം, പെൻഷൻ എന്നീ ഇനങ്ങളിൽ എത്ര രൂപ ആവശ്യപ്പെട്ടിരുന്നു ; റഗുലേറ്ററി കമ്മീഷൻ അനുവദിച്ച് നല്കിയ തുക എത്രയാണെന്നുമുള്ള വിശദാംശം അറിയിക്കുമോ ?

ഉത്തരം

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (KSEBL) രൂപീകൃത മായതിനുശേഷം 2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള ARR & ERC മാത്രമാണ് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ളത്. 2014-15 വർഷത്തിൽ, വൈദ്യുതി ബോർഡ് ജീവനക്കാർക്ക് ശമ്പളം, ഡി.എ. തുടങ്ങിയവയ്ക്കായി 2042.25 കോടി രൂപ അനുവദിച്ച് തരണമെന്ന് വൈദ്യുതി ബോർഡ്, അതിന്റെ ARR & ERC പെറ്റീഷനിലൂടെ KSERC-യോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ KSERC 1271.91 കോടി രൂപ മാത്രമാണ് അംഗീകരിച്ചത്. അതായത് ജീവനക്കാരുടെ ശമ്പളം, ഡി.എ. തുടങ്ങിയ ഇനങ്ങളിൽമാത്രം 2014-15 വർഷത്തേയ്ക്ക് 720.34 കോടി രൂപയുടെ വെട്ടിക്കുറവാണ് കമ്മീഷൻ (KSERC) വരുത്തിയിട്ടുള്ളത്. 2014-15 സാമ്പത്തിക വർഷത്തിൽ പെൻഷൻകാരുടെ ബാധ്യത നിറവേറ്റുന്നതിനായി 814.44 കോടി രൂപ KSEBL രൂപീകരിക്കുന്ന പെൻഷൻ ഫണ്ടിലേയ്ക്ക് വകമാറ്റുന്നതിനായി KSERC മുമ്പാകെ ആവശ്യപ്പെട്ടിരുന്നു. ടി തുക മുഴുവനായും കമ്മീഷൻ 2014-15 വർഷത്തേയ്ക്ക് അംഗീകരിച്ച് തന്നിട്ടുണ്ട്.

തെരുവുവിളക്കുള്ള വൈദ്യുതി പോസ്റ്റിന് മീറ്റർ

54(2042) ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ തെരുവുവിളക്കുകൾ കത്തിക്കുന്നതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വൈദ്യുതി ബോർഡും തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിന് തെരുവുവിളക്കുള്ള ഓരോ വൈദ്യുതി പോസ്റ്റിനും മീറ്റർ ഘടിപ്പിക്കുന്നതു സംബന്ധിച്ച് ബോർഡിന്റെ തീരുമാനം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത മീറ്റർ ഘടിപ്പിച്ചാൽ തെരുവുവിളക്കുകൾ കത്തുന്നതിനുമാത്രം ചാർജ്ജ് ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരാതി ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 1-4-2014-ന് നിലവിൽവന്ന കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ന്റെ 102.(7), 102.(8) എന്നീ സെക്ഷനുകൾ പ്രകാരം പുതിയ തെരുവുവിളക്ക് കണക്ഷനുകൾ മീറ്ററുകൾ സ്ഥാപിച്ചുമാത്രം നൽകേണ്ടതും മീറ്ററുകൾ സ്ഥാപിച്ചിട്ടില്ലാത്ത തെരുവ് വിളക്കുകൾക്ക് 24 മാസങ്ങൾക്കകം മീറ്ററുകൾ സ്ഥാപിക്കേണ്ടതുമാണ്. തെരുവ് വിളക്കുകൾക്ക് ഘടിപ്പിക്കുവാനുള്ള മീറ്ററുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. ഇതിനോടകം പണം അടച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിലെ തെരുവുവിളക്കുകൾക്ക് മീറ്ററുകൾ ഘടിപ്പിക്കുന്ന പ്രവൃത്തികൾ നടന്നുവരികയാണ്.

'കത്താത്ത തെരുവ് വിളക്കുകൾക്ക് ചാർജ്ജ് അടയ്ക്കേണ്ടിവരുന്നു' എന്നുള്ള പരാതിക്ക് തെരുവ് വിളക്കുകൾക്ക് മീറ്ററുകൾ ഘടിപ്പിച്ച് കഴിയുമ്പോൾ പരിഹാരം ഉണ്ടാവുന്നതാണ്.

കാർഷിക വിളകൾക്കുള്ള ജലസേചനത്തിന് വൈദ്യുതി ചാർജ്ജ് വർദ്ധന

55(2043) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാർഷിക വിളകൾക്കുള്ള ജലസേചനത്തിന് വൈദ്യുതി സൗജന്യമായി നൽകിയിരുന്നുവോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാണ്യവിള ജലസേചനത്തിനുള്ള വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ ; എത്ര പ്രാവശ്യമാണ് വർദ്ധിപ്പിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly